**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശ സ്വയംഭരണ വകുപ്പ് - എറണാകുളം ജില്ല - വാഴക്കുളം ഗ്രാമപഞ്ചായത്ത് - വൈദ്യുതിചാർജ്ജ് ഇനത്തിൽ കുടിശ്ശിക തുക പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എഫ്.എം.) വകുപ്പ്**

---

**സ.ഉ.(സാധാ) നം.2374/2020/ത.സ്വ.ഭ.വ** തിരുവനന്തപുരം, തീയതി, **22/12/2020**

---

പരാമർശം:-1. വാഴക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച 19/05/2020 ലെ അപേക്ഷ

2.പഞ്ചായത്ത് ഡയറക്ടറുടെ 19/09/2020 ലെ PAN/10481/2020-G1(DP) നമ്പർ കത്ത്

**<u>ഉത്തരവ്</u>**

എറണാകുളം ജില്ലയിലെ വാഴക്കുളം ഗ്രാമ പഞ്ചായത്തിലെ തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ 08/2012 മുതൽ 12/2014 വരെ കാലയളവിൽ ഷോർട്ട് അസെസ്മെന്റ് തുകയായ 215,080 രൂപയും സർചാർജ്ജും ഒടുക്കണമെന്ന് കെ.എസ്.ഇ.ബി അസി. എൻജിനിയർ ആവശ്യപ്പെട്ടിരുന്നു. കെ എസ് ഇ ബി അസി. എൻജിനിയർ നൽകിയ കത്ത് പ്രകാരം നാളിത് വരെയുള്ള സർചാർജ് 75202/- രൂപയായി നിർണ്ണയിച്ച് നൽകിയിട്ടുണ്ട്. ആയതിനാൽ 06/2012 മുതൽ 01/2014 വരെ കാലയളവിലെ തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ഷോർട്ട് അസെസ്മെന്റ് നടത്തിയ 2,15,080/- രൂപയും സർചാർജ് ഇനത്തിൽ ഒടുക്കേണ്ട 75202/- രൂപയും ഉൾപ്പെടെ ആകെ 2,90,282/- രൂപ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതിക്കായി ഭരണസമിതി തീരുമാന പ്രകാരം -വാഴക്കുളം ഗ്രാമ പഞ്ചായത്ത് സെക്രട്ടറി സമർപ്പിച്ച അപേക്ഷയും അനുബന്ധങ്ങളും അനുകൂല നടപടിക്കായി ശുപാർശ ചെയ്ത് പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ചിരിക്കുന്നു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വാഴക്കുളം ഗ്രാമപഞ്ചായത്തിൽ 06/2012 മുതൽ 01/2014 വരെ കാലയളവിലെ തെരുവ് വിളക്ക് വൈദ്യുതി ചാർജ് ഇനത്തിൽ ഷോർട്ട് അസെസ്മെന്റ് നടത്തിയ 2,15,080/- രൂപയും സർചാർജ് ഇനത്തിൽ ഒടുക്കേണ്ട 75202/- രൂപയും ഉൾപ്പെടെ ആകെ 2,90,282/- രൂപ (രണ്ടു ലക്ഷത്തി തൊണ്ണൂറായിരത്തി ഇരുനൂറ്റി എൺപത്തി രണ്ട് രൂപ) പഞ്ചായത്തിന്റെ തനത് ഫണ്ടിൽ നിന്നും അടവാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം, )

**സുനിത ഐ**

**ഡെപ്യൂട്ടിസെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം

സെക്രട്ടറി, വാഴക്കുളം ഗ്രാമ പഞ്ചായത്ത്

ഡയറക്ടർ, കേരള സ്റ്റേറ്റ് ആഡിറ്റ് വകുപ്പ്, തിരുവനന്തപുരം

അക്കൗണ്ടന്റ് ജനറൽ (എൽ ബി എ & എ) കേരള, തിരുവനന്തപുരം.

എക്സിക്യൂട്ടീവ് ചെയർമാൻ/ ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (തദ്ദേശസ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)

സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ

Signature Not Verified

Digitally signed by S BINDU
Date: 2020.12.22 12:53:29 IST
Reason: Approved